## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1583

5.12.2014-ൽ മറുപടിക്ക്

### കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും, ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡിന് (എം.എൽ.എ. റോഡ്) സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ? | (എ) & (ബി) | കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള ഭാഗത്ത് 200 മീറ്റർ ഒഴിവാക്കി ബാക്കി ഭാഗം ഏറ്റെടുക്കുന്നതിനായി 1,12,71,338/- രൂപ(ഒരു കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തി യൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപാ മാത്രം) നഗരസഭ 21/06/2011 ൽ എൽ.എ.തഹസിൽദാർക്ക് നല്കിയിട്ടുണ്ട്. അതിൽ 5 ബ്ലോക്കുകളിലായി 84,79,872/- (എൺപത്തിനാല് ലക്ഷത്തി എഴുപത്തൊൻപതിനായിരത്തി എണ്ണൂറ്റി എഴിപത്തിരണ്ട് രൂപാ മാത്രം) രൂപയുടെ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഇരുഭാഗത്തു നിന്നും ഒരേ രീതിയിൽ സ്ഥലം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ചില കക്ഷികൾ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പാകാനുള്ള സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങൾ ഒഴികെയാണ് എടുത്തിട്ടുള്ളത്. കൂടാതെ, രണ്ട് റീ സർവ്വേ നമ്പരുകളിൽ സബ് ഡിവിഷൻ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ ഭൂമി കൂടുതലുള്ളതായി കാണപ്പെട്ടതിനാൽ പ്രസ്തുത ഭൂമി ഒഴിവാക്കിയാണ് അവാർഡ് പാസ്സാക്കിയിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിൽ ഫയലുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ